
മഴവില്ല്
ഡിജിറ്റൽ മാഗസിൻ 2018
ഗവ.മോഡൽ ബോയ്സ് എച്ച് എസ് കൊല്ലം
little KITEs

## തമസോമഃ ജ്യോതിർഗമയഃ



# ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം

# എഡിറ്റോറിയൽ

സുഹൃത്തേ,

സാങ്കേതികവിദ്യ വഴി പൊതുവിദ്യാഭ്യാസം ശാക്തീകരിക്കപ്പെടുന്ന ഈ കാലത്ത് ഭാഷയും സാഹിത്യവും ചിത്രവും ഡിജിറ്റൽ ടെക്നോളജിയിലൂടെ കൈകാര്യം ചെയ്യാൻ നമ്മുടെ വിദ്യാർത്ഥികൾ പ്രാപ്തരായിരിക്കുകയാണ്. അതിന് തെളിവാണ് കൊല്ലം ഗവ.മോഡൽ എച്ച്.എസ്. ഫോർ ബോയ്സിന്റെ ഈ മാഗസിൻ. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ഭാവനയും സർഗ്ഗശേഷിയും കാഴ്ചപ്പാടുകളും ഈ മാഗസിന്റെ മുതൽക്കൂട്ടാവുമ്പോൾ കാലത്തിന് ചേരുന്നവിധം നവമാധ്യമരംഗത്ത് കഴിവ് തെളിയിക്കുന്നുള്ള അവസരം കൂടിയാണ് സിദ്ധിക്കുന്നത്.ഈ സംരഭം എളിയ ഒരു തുടക്കമാണ്.പോരായ്മകൾ കണ്ടേക്കാം. എല്ലാം സദയം ഉൾക്കൊണ്ട് ഞങ്ങളെ പിന്തുണക്കുമെന്ന പ്രതീക്ഷയോടെ സമർപ്പിക്കുന്നു.........

എഡിറ്റർ

## എഡിറ്റോറിയൽ ബോർഡ്





**ചീഫ് എഡിറ്റർ**
**ഷീബാ ജോർജ്ജ്**

**സ്റ്റുഡൻറ് എഡിറ്റർ**
**അഭിമന്യു.എ.കെ**

### സ്റ്റുഡൻറ് സബ് എഡിറ്റേഴ്സ്

*നിതിൻ .ബി.വിമൽ*

*അഖിൽ കൃഷ്ണ*

*സായൂജ്.സി*

*കിരൺ. കെ*

*വിധു.വി.എസ്*

*നന്ദു കൃഷ്ണ*

*അരുൺ.എ*

*ആദർശ്.എസ്*

## ലിറ്റിൽ കൈറ്റ്സ് സ്കൂൾ ഭാരവാഹികൾ



ആദർശ് രാജ് &സൗരഭ്.എസ്

## ലിറ്റിൽ കൈറ്റ്സ് മിസ്ട്രസുമാർ






പ്രിയാ ജോൺ

ഷീബാ ജോർജ്ജ്

# ആശംസ



**കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയവും ഹൈടെക് ആയി മാറിയതിൽ അഭിമാനമുണ്ട്. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ അക്കാദമിക മികവിന്റെ യശസ്സുയർത്തുന്നതിന് വളരെയധികം സഹായകമാണ് എന്നത് എടുത്തുപറയുക തന്നെ വേണം. സംസ്ഥാന ഐ.ടി മേളയിൽ പങ്കെടുത്ത് ഏറ്റവും കൂടുതൽ പോയിന്റ് നേടിയ വിദ്യാലയമായി മാറാൻ കഴിഞ്ഞത് അവിസ്മരണീയമായ നേട്ടം തന്നെയാണ്. ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ പ്രകാശനം ചെയ്യുന്നതിൽ അതീവ സന്തോഷമുണ്ട്. ഈ സംരംഭത്തിനു പിന്നിൽ ഭാഗഭാക്കായ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഭാവുകങ്ങൾ നേരുന്നു.**

ഹൃദയപൂർവ്വം

റസിയാബീവി.എം
ഹെഡ്മിസ്ട്രസ് ഇൻ ചാർജ്ജ്

## സന്ദേശം



നവ സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെ കേരളത്തിലെ വിദ്യാഭ്യാസ മേഖല മികവ് നേടി മുന്നേറുന്ന കാലമാണിത്. ഹൈടെക് സങ്കേതങ്ങളിലൂടെ നമ്മുടെ വിദ്യാലയവും ഈ മികവിൽ പങ്കാളിത്തം നേടിയിട്ടുണ്ട് .തുടർച്ചയായി സംസ്ഥാന ശാസ്ത്ര മേളകളിൽ ഐ.ടി.വി ഭാ ഗ ത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞു.അതോടൊപ്പമുള്ള മറ്റൊരു നേട്ടമാണ് ലിറ്റിൽ കൈറ്റ്സിന്റ ഈ ഡിജിറ്റൽ മാഗസിൻ. കുട്ടികളുടെ സർഗ്ഗവാസനയും കലാനൈപുണിയും ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ വെളിച്ചത്ത് കൊണ്ടുവരാൻ ഈ മാഗസാ നിലൂടെ കഴിയുമെന്നത് അഭിമാനാർഹവും ആഹ്ലാദകരവുമാണ് .ഈ സംരംഭത്തിൽ പങ്കാളിയായിട്ടുള്ള ഓരോ വ്യക്തിയെയും അഭിനന്ദിക്കുന്നതിനോടൊപ്പം ഈ സംരഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹത്തോടെ,

സോണി.എൻ

സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ

## താളുകൾ മറിക്കുമ്പോൾ...


സ്കൂൾ ചരിത്രം........9
സ്കൂൾ പ്രവേശനോത്സവം 2018........12
മരങ്ങൾ മുറിഞ്ഞു വീഴുമ്പോൾ........13
മോഹം........14
ഫോട്ടോ ഗാലറി........15
അനുഭവക്കുറിപ്പ്........16
പറക്കാത്ത പൂമ്പാറ്റകൾ........18
*THE WRONG TURN*........19
മലയാളം........21
THE MAGICAL WORDS........22
സ്നേഹ വാത്സല്യം........23
ലേഖനം........25
AN IDEAL SCHOOL........27
A Boy In A Village........28
THE RAIN........29
തീരം തേടി........30
ABOUT YOU........31
അച്ഛന്റെ മൗനയാത്ര........32
സമൂഹമാധ്യമങ്ങളും വിദ്യാർത്ഥികളും........33
Riddle Riddle Riddle……........35
അധ്യാപക ദിനാഘോഷം........38
*നിന്റെ മൗനം*........39
ജീവിത പാഠം........40
THE MAGICAL WORDS........41
എന്റെ ഗ്രാമം........42
സ്വയം അറിയാൻ........43
ആനകളെ പങ്കു വെക്കൽ........44
സ്വപ്നം........46
സ്ത്രീ സമത്വം സമൂഹത്തിൽ........47
നന്ദി........48

# സ്കൂൾ ചരിത്രം

പഴയ തിരുവിതാംകൂർ സംസ്ഥാനത്തെ വളരെ പുരാതനമായ ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് കൊല്ലം ഗവ:ബോയ്സ് ഹൈസ്കൂൾ . 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ സ്വാതി തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്ത് ഏതാണ്ട് 1834 ലാണ് ഈ സ്കൂൾ ആരംഭിച്ചത്.



ആദ്യകാലത്ത് പ്രൈമറി സ്കൂൾ മാത്രമായിരുന്നു. തുടർന്ന് അധികം താമസിയാതെ മെട്രിക്കുലേഷൻ കോഴ്സും ആരംഭിക്കുകയുണ്ടായി. പരിസരങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി പ്രവാഹം കൂടിയപ്പോൾ, 1887-ൽ ഇപ്പോഴത്തെ പ്രധാന രണ്ടുനിലക്കെട്ടിടം സ്ഥാപിതമായി . അന്ന് പ്രധാന കെട്ടിടത്തിന്റെ നാലുഭാഗത്തും ,മേല്പോട്ടു കയറുന്നതിന് ചുരുൾപടികൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. പിൽക്കാലത്ത് ഈ കെട്ടിടത്തിൽ പല

പരിഷ്കാരങ്ങളും, കൂടതൽ സ്ഥലസൗകര്യങ്ങളും ഉണ്ടായി.

1911-ൽ സംസ്ഥാനത്ത് വിദ്യാഭ്യാസ പരിഷ്കാരം നടപ്പിൽ വന്നപ്പോൾ നിലവിലിരുന്ന മെട്രിക്കുലേഷൻ പദ്ധതി ഇല്ലാതാക്കുകയും, ആ സ്ഥാനത്ത് ഐച്ഛിക വിഷയങ്ങളോടുകൂടിയ സ്കൂൾ ഫൈനൽ പദ്ധതി ഉടലെടുക്കുകയും ചെയ്തു. 1917 വരെ ഈ സ്കൂൾ, ആൺകുട്ടികൾക്കു മാത്രമായുള്ള ഒരു ഹൈസ്കൂളായിരുന്നു. എന്നാൽ ആ വർഷം മുതൽ പെൺകുട്ടികളേയും ചേർത്തു തുടങ്ങി. തുടക്കത്തിൽ ഒന്നോ രണ്ടോ ബാലികമാരേ ഉണ്ടായിരുന്നുള്ളൂ. ക്രമേണ അവരുടെ എണ്ണം വർദ്ധിക്കുവാൻ തുടങ്ങി. 1942 ആയപ്പോൾ ആദ്യമായി രണ്ട് അദ്ധ്യാപികമാരേയും നിയമിച്ചു. 1950 ആയപ്പോഴേക്കും പെൺകുട്ടികളുടെ എണ്ണം 450 ആയി ഉയർന്നു. അതിനെ തുടർന്ന് സ്കൂൾ രണ്ടായി വിഭജിച്ചു. തൊട്ടു തെക്കുവശത്ത് അന്നുവരെ ഒരു മലയാളം ഹൈസ്കൂളായി പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടം ,പെൺകുട്ടികൾക്കായുള്ള ഒരു ഹൈസ്കൂളായി മാറി. മലയാളം ഹൈസ്കൂളുകൾ നിർത്തലാക്കിയതോടു കൂടി ഇംഗ്ലീഷ് ഹൈസ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വളരെ വർദ്ധിച്ചു. 1960-ാ മാണ്ടോടുകൂടി ഈ ഡിസ്ട്രിക്ടിലെ ഏറ്റവും വലിയ ഒരു ഹൈസ്കൂളായി, കൊല്ലം ബോയിസ് ഹൈസ്കൂൾ ഉയർന്നു. അന്ന് ഈ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം ഏതാണ്ട് 2500-ന് അടുത്തായി. തുടർന്ന് പുതിയ പുതിയ സ്കൂളുകൾ ഉദയം ചെയ്തതോടു കൂടി വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വന്നു.

പ്രഗത്ഭന്മാരായ പല മഹാന്മാരുടെയും സേവനം സമ്പാദിക്കുവാൻ ഈ വിദ്യാലയത്തിനു ഭാഗ്യമുണ്ടായിട്ടുണ്ട്. മെസ്സേഴ്സ് കെ. പരമുപിള്ള , ഹരിപ്പാട് സുബ്രഹ്മണ്യ അയ്യർ, ഐ.ഇട്ടി, എസ്.ശിവരാമകൃഷ്ണയ്യർ,

**ജെ.റ്റി.യേശുദാസൻ, ഏ. ചെറിയാൻ , ജി.ശങ്കരപ്പിള്ള , മുതലായവർ അക്കൂട്ടത്തിൽ ചിലരാണ്. അവരിൽ എം .ഏ. പരമു പിള്ള എന്ന വിദ്യാഭ്യാസ വിചക്ഷണൻ മുൻപന്തിയിൽ നില്ക്കുന്നു.**

**ഭാരത്തിലെ അതിപ്രഗത്ഭന്മാരായ പല ഭരണാധികാരികളും രാഷ്ട്രീയ നേതാക്കന്മാരും ഈ വിദ്യാലയത്തിലെ സന്തതികളായിരുന്നിട്ടുണ്ട്. അവരിൽ ചുരുക്കം ചിലരാണ് കെ.പി.എസ്.മേനോൻ ,സർ.എൻ.ആർ പിള്ള, മേജർ ഡാ: പണ്ടാല തുടങ്ങിയവർ.**


**വിദ്യാഭ്യാസനിലവാരത്തിലെന്നതു പോലെ പാഠ്യേതര പ്രവത്തനങ്ങളിലും ഉന്നതമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. സ്പോർട്ട് സ്, ഗയിംസ്, ആർട്സ് എന്നീ മണ്ഡലങ്ങളിൽ പ്രശസ്തമായ മാനദണ്ഡം പുലത്തുവാൻ അന്നും ഇന്നും ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്. വിഭിന്നങ്ങളായ പ്രദർശനങ്ങളും ഈ സ്കൂൾ കേന്ദ്രമാക്കി നടത്തിയിട്ടുണ്ട്. ജില്ലാ തലത്തിൽ സംഘടിപ്പിക്കപ്പെടുന്ന പല പൊതു പരിപാടികളുടെയും ആസ്ഥാനം ഇപ്പോഴും കൊല്ലം ബോയ്സ് ഹൈസ്കൂളാണ്. പ്രഗത്ഭന്മാരായ പല മഹത് വ്യക്തികളും അവരുടെ "മാതൃവിദ്യാലയ"ത്തെ അഭിമാനത്തോടും ഭക്തിയോടും ഇപ്പോഴും സ്മരിക്കുന്നുണ്ട്.**

**1990-ൽ വി എച്ച് എസ് ഇ വിഭാഗവും 1997 -ൽ ഹയർ സെക്കൻഡറി വിഭാഗവും ആരംഭിച്ചു.**

# സ്കൂൾ പ്രവേശനോത്സവം 2018



# മരങ്ങൾ മുറിഞ്ഞു വീഴുമ്പോൾ........




എന്റെ വീട്ടുമുറ്റത്തെ മരങ്ങളെ
അരിഞ്ഞു വീഴ്ത്തി ഇന്നലെ,
വെളിച്ചം കിട്ടാൻ,
മുറ്റം വൃത്തിയാക്കാൻ,
വീട് തെളിയാൻ
വാഹനങ്ങൾക്ക് സ്വതന്ത്ര സഞ്ചാരത്തിന്
മുറ്റത്ത് വെയിൽ തിളക്കത്തിൽ
കുട്ടികൾ ആർത്തു
കാറ്റ് ഇനി വരില്ല
മഴ ചിണുങ്ങി ഏതു ചില്ലകളിൽ തിമിർക്കും?
മഞ്ഞ് വിതുമ്പി
പെയ്തു പെയ്തൊടുവിൽ
വിഷാദത്തിന്റെ നീർത്തുള്ളിയായ്
ഏതിലത്തുമ്പിൽ നിന്നിറ്റു വീഴും
നിലാവ് പതുങ്ങി
നിഴലില്ലാതെ ഞാനെങ്ങനെ ഒളിച്ചു കളിക്കും ?
എല്ലാരും പോയപ്പോൾ ഞാനോർത്തു.
ഏത് തണലിൽ ഞാൻ പതുങ്ങും ??

സജീവ്.എസ്
അധ്യാപകൻ, മലയാളം

# മോഹം

പൂവിന്റെ പൂമഴയായ്
മായുന്നതേൻ മഴയായ്
എണ്ണുന്ന നാളുകളായ്
ചേരുന്നൊരുത്സവമായ്
മായുന്ന ഓർമ്മകളായ്
ചായുന്ന ചെന്താമരകൾ
പാടുന്ന നിന്നോർമ്മകൾ
എന്നെന്നും എൻ മാനസത്തിൽ
കാലങ്ങൾ മായുന്നു
മോഹങ്ങൾ വറ്റുന്നു
നിമിഷങ്ങൾ ഓടുന്നു
എന്നെന്നും നിന്നോടൊപ്പം....

വെങ്കട്
8 C

# ഫോട്ടോ ഗാലറി............







# അനുഭവക്കുറിപ്പ്

" ഷീബടീച്ചർ "......
ഷോപ്പിംഗ് മാളിലെ തിരക്കിനിടയിൽ വിളികേട്ട് ഞാൻ തിരിഞ്ഞുനോക്കി. അനിഫ് റോഷൻ.....എന്റെ പഴയ വിദ്യാർത്ഥി. ബാപ്പയോടും ഉമ്മയോടും സഹോദരിയോടുമൊപ്പം അവൻ.അവന്റെ അനുജത്തി എന്റെ മകളുടെ കൂട്ടുകാരിയാണെന്ന് ഞാൻ മനസിലാക്കി.

എന്റെ മനസ് കുറച്ചു വർഷങ്ങൾ പിന്നിലേക്ക് പോയി.
ഞാൻ എയ്ഡഡ് സ്കൂളിൽ ജോലി ചെയ്യുന്ന കാലം. 2011 ലെ പ്രവേശനോത്സവ ദിനം . അഞ്ചാം ക്ലാസ്സിലെ പുതിയ കുട്ടികളോടോപ്പം അവനെ ഞാൻ ആദ്യമായി കണ്ടു.ഓമനത്വമുള്ള മുഖമുള്ള കുട്ടി. അവന്റെ ചാപല്യങ്ങൾ നോക്കി നിൽക്കെ വേദനയോടെ ഞാൻ തിരിച്ചറിഞ്ഞു .....എല്ലാ കുട്ടികളെയും പോലെയല്ല അവൻ - ഓട്ടിസം ബാധിതനായ കുട്ടി. പിതാവിനോടൊപ്പം നാണത്തോടെ നടക്കുന്ന അവനെ ഞാൻ ശ്രദ്ധിച്ചു. കുസൃതിക്കുടുക്കയായ അവന്റെ സാന്നിധ്യം ക്ലാസ്സുകളിൽ പ്രകടമായിരുന്നു.എപ്പോഴും ചിരിയോടെ ഇരിക്കും, ചോദ്യങ്ങൾക്ക് മറുപടി നല്കും , വിശക്കുമ്പോൾ ടിഫിൻ തുറന്ന് ആരെയും കൂസാതെ ആഹാരം കഴിക്കും, ചിരിയോടെ നോക്കി കൈകഴുകാൻ ഓടും....ഇടശ്ശേരിയുടെ പൂതപ്പാട്ട് പഠിപ്പിക്കുമ്പോൾ അമ്മയും കുഞ്ഞും തമ്മിലുള്ള സ്നേഹത്തെപ്പറ്റി ഞാൻ വാചാലയായി. വൈലോപ്പിള്ളിയുടെ മാമ്പഴം കവിതയുടെ ആശയം കഥയായി പറഞ്ഞപ്പോൾ റോഷന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് ഞാൻ കണ്ടു. ദിവസവും ക്ലാസ്സിൽ ചെല്ലുമ്പോൾ , ആ കഥ ഇനിയും പറയാമോ ടീച്ചർ എന്ന കൊഞ്ചലോടെ അവൻ പറയും..അത്രയേറെ ആ കഥ അവന്റെ

മനസ്സിനെ സ്പർശിച്ചപ്പോൾ ഞാൻ എന്ന അധ്യാപിക അഭിമാനിച്ചു.

ഒരിക്കൽ സ്കൂളിൽ സർക്കസ് കാണാൻ കുട്ടികളെ കൊണ്ടു പോയപ്പോൾ അവനെകൊണ്ടുപോകാഞ്ഞത് , ആ കുഞ്ഞു മനസ് വേദനിപ്പിച്ചു.റോഡിലൂടെ ഇറങ്ങി ഓടിയ അവനെ പോലീസുകാർ പിടിച്ചു കൊണ്ടുവന്നു. അവൻ ക്ലാസിൽ അടങ്ങിയിരിക്കാതായി. അവന്റെ സ്കൂളിലേക്കുള്ള വരവ് നിലച്ചു. പിന്നീട് അവനെ ഞാൻകണ്ടതേയില്ല. വീണ്ടും വർഷങ്ങൾക്കു ശേഷം അപ്രതീക്ഷിതമായി ബോയ്സ് ഹൈസ്കൂളിൽ ,അവന്റെ ബാപ്പ എന്റെ മുന്നിൽ ...... പ്ലസ് വൺ വിദ്യാർത്ഥിയായ അവനു വേണ്ടി സ്ക്രൈബിനായി... എന്റെ ക്ലാസിലെ മിടുക്കനെ അവനായി ഞാൻ നൽകി.. പരീക്ഷാ ഹാളിൽ എന്റെ ക്ലാസിലെ നീരജിന്റെ അടുത്തിരുന്ന് ..ഷീബ ടീച്ചർ.. എന്ന് ഉരുവിടുന്നത് ഞാൻ സന്തോഷത്തോടെ കണ്ടു...റോഷൻ , നീ ഷീബ ടീച്ചറുടെ മനസിലെ സ്നേഹമാണ് ,നിറമുള്ള ഓർമ്മയാണ്.

അവന്റെ ബാപ്പയും ഉമ്മയും സഹോദരിയും അവന് നൽകുന്ന സ്നേഹം, കരുതൽ എത്രയോ വലുതാണ്. ഈ പൊതു സമൂഹത്തിന് വേണ്ടത് അത് തന്നെയല്ലേ ? 'ഉൾക്കൊള്ളാനും ചേർത്തു പിടിക്കാനുമുള്ള മനസ്..

അനിഫ് റോഷൻ, ദൈവത്തിന്റെ പൂന്തോട്ടത്തിലെ ഏറ്റവും മനോഹരമായ പുഷ്പമാണ് നീ.

ഷീബാ ജോർജ്ജ്
അധ്യാപിക, സോഷ്യൽ സയൻസ്

# പറക്കാത്ത പൂമ്പാറ്റകൾ

കുഞ്ഞുപൂല്ലേ  നീ വാടുമായിരുന്നില്ല
കത്തിക്കരിയുന്ന തീക്കനലിലും
എരിയുന്ന സൂര്യന്റെ മോഹത്തിലും
കൊന്നപ്പൂവേ നീ കൊഴിയുമായിരുന്നില്ല
ഇരുട്ടുവന്നെത്തിയാൽ
ഉരുകുന്ന ചന്ദ്രകാന്തംപോൽ
പാറിപ്പറക്കുന്ന ചിറകുകളുണ്ടെങ്കിൽ
സൂര്യനെ വെല്ലാമായിരുന്നു
ഒരു കൊച്ചുവിഹംഗത്തെ പോൽ
ആകാശത്തുയർന്ന അമ്പിളിയെ മൂടാമായിരുന്നു
കഴിയില്ല നിനക്കീ ജന്മത്തിലൊന്നും

**തന്നില്ല ബ്രഹ്മാവൊരു പൊൻചിറക്.....**

**ആദിത്യൻ**

**8 C**

# *THE WRONG TURN*

*ONCE UPON A TIME IN A BIG CITY THERE LIVED A LITTLE BOY NAMED RAMKIRAN.*

*HE IS A GOOD BOY . HE LISTEN TO HIS MOTHER AND FATHER. IN RAINY DAY HE AND HIS FATHER SPEND A LONG TIME IN THE BEACH THERE HE SAW A GROUP OF ADULTS PLAYING PUBG. HE CRIED FOR A PHONE TO PLAY PUBG.THEN HIS FATHER BUYED HIM A PHONE. AT ALL HIS PERIODS . HE WAS PLAYING THE GAME, WITHOUT STUDYING. HIS MOTHER TELLS ABOUT THE GAME TO HIS FATHER,BUT HE DIDN'T LISTENED IT. AFTER TWO YEARS.*

*RAMKIRAN TURNED INTO A MENTAL PATIENT. HE TURNED INTO PSYCHO. IT WAS THE TIME THAT FATHER MADE HIS SON INTO A METAL PATIENT. HE HIMSELF MADE REGRET,HIS FATHER TAKED HIM TO A MENTAL HOSPITAL. ATLAST HE CAME TO HIS NORMAL LIFE. HE PROMISED TO HIS PARENTS THAT HE WILL NOT PLAY PUBG. THEY FEEL SAD ON HIM .*

*BY*
*ABHIMANYU.A.R*
*IX. B*




**അഭിജിത്ത്. ആർ**

**10 ബി**

# മലയാളം

അമ്മയാം മലയാളമേ
സ്നേഹത്തിൻ ദർപ്പണമാകും മലയാളമേ
നിൻ  പുഞ്ചിരിയാകും ആദ്യാക്ഷരം
എന്നുള്ളത്തിൽ മാധുര്യമായ്
കേരങ്ങൾ തിങ്ങും നിൻ
പുണ്യഭൂമിതൻ
ഐശ്വര്യം എന്നിൽ നിറയുന്നു
പുഴകളും  കിളികളും കാനന ഭംഗിയും സുന്ദരചിത്രങ്ങളായ്
മായുന്ന സ്നേഹത്തിൻ മാധുര്യം
നീങ്ങുന്ന കാടും പുഴകളും
പുഴയിലെ മഴയില്ല വര്ണങ്ങളിലിനി
വരണ്ടുണങ്ങിയ പാഴ്ഭൂമി മാത്രം
മാനത്തിൻ കണ്ണീരാം വർഷവും
പോയ്മറയുന്ന മറവിയിലേക്ക്
ഇനിയില്ലിനിയില്ല ഹരിതഭംഗികൾ
ഇനിയില്ല ചാരുതയാർന്ന എൻ  പ്രിയഭൂമി എൻ
മലയാളം.......

കിരൺ.സി
9 B

# THE MAGICAL WORDS

ONCE up on a time there lived five friends. They decided to go a journey . After three days when they are travelling on horse near a river . they heard a unknown voice stop they all feared .stop take some stone and put in your pocket . Two of them do it and one of them take a little and other do action that as taking. After taking they they go from there and they enjoy their trip. and come back to their houses when they looked at their bags instead of stones there were diamonds the two of them were happy and others were sad of not taking more stones two of them became rich and others became poor but the two of them did not forget others they share all that they had .the others also became rich. Like that in our future those who are hard working for their aims will became those in their mind . Those who are not hard working for their aims . They will have failures in their life .

BY

Gourisankar

# സ്നേഹ വാത്സല്യം

ആദ്യ ഗുരുവാം അമ്മയ്ക്ക് പ്രണാമം
പ്രകാശത്തിൻ കുളിർ കാറ്റേകിയെൻ
ചിത്തത്തിൽ വാഴുന്ന ദേവിയാണമ്മ
പകലിരവുകളിൽ എനിക്കായ്
സ്വയമെരിയുന്നതും

അക്ഷരമാലകൾക്ക് ഒത്തുക്കാനാവാത്ത
ചേർന്ന മധുരമൊഴികളെന്നമ്മ
ചൊല്ലി പഠിപ്പിച്ച നേരിന്റെ
പാഠങ്ങൾ കരുതലായി തണലായി
എന്നുമെൻ പാതയിൽ

എണ്ണ വറ്റാത്ത വിളക്കായി എരിയുന്ന
അമ്മയാണെൻ വഴികാട്ടി
ഭൂമിയിലേറ്റം വിലകല്പിക്കേണ്ടതും
ഭാവിയിൽ എന്നമ്മയ്ക്ക്
തണലായി മാറേണ്ടതും
എന്നുമെൻ ചിത്തത്തിൽ
ഉണ്ട് ദൈവമേ

മയക്കത്തിൽ ഒരു സ്നേഹചുംബനം
ദുരിതവെയിലിലൊരു കുളിര്
തേങ്ങലിൻ നിനവിലൊരു തലോടൽ
വാക്കുകൾ കൂട്ടി ചൊല്ലാനാകാത്ത
സ്നേഹമേ നിനക്കു പ്രണാമം
നിനക്കു പ്രണാമം

ആദ്യ ഗുരുവാം അമ്മയ്ക്ക് പ്രണാമം.........

ശരത് എസ് ഇഗ്നേഷ്യസ് 10D

# THE RAIN

*I am like a long white threads*
*I make the nature more cool and,*
*I gives her the energy to like*
*To make her a new green life.*

*I am beautiful pearls by the great lord sun*
*Nature then, takes me to adorn her fields and valleys*
*I gives the birth to the seeds,*
*To makes the world more green.*

*I am the tear drops of the clouds,*
*To makes the field laugh*
*I songs like a train*
*And, merry the life that live.*

*The rainbow shows me the right path,*
*When I search a field in need*
*I am the diamonds of god*
*To give the nature more wealth.*

*I am long white threads,*
*To make more green and make more wealth.*
*All are happy to welcome me as rain...*

*AKHIL KRISHNA .A*
*IX. B*

# ലേഖനം



ജൂൺ 26, ലോക ലഹരി വിരുദ്ധ ദിനം. സമൂഹത്തിനെ നാശത്തിലേക്ക് നയിക്കുന്ന ലഹരിയെ ജീവിതത്തിൽ നിന്നും തുടച്ചുനീക്കുക എന്ന സന്ദേശത്തോടെ ലോകരാജ്യങ്ങൾ എല്ലാ വർഷവും ഈ ദിനം ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നു.. സമൂഹത്തെ നശിപ്പിക്കുന്ന ലഹരിയെന്ന വൻ വിപത്തിനെതിരെ രാജ്യാന്തര  സമൂഹത്തെ ഉണർത്തുകയെന്ന ലക്ഷ്യവുമായാണ്ഐക്യരാഷ്ട്ര സംഘടന 1987 മുതൽ ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനമായി ആചരിച്ചു വരുന്നത്.

ദൂഷ്യഫലങ്ങൾമാത്രമുള്ള,ഗുണപരമായയാതൊന്നുമില്ലാതെ ഒന്നാണ് പുകവലിയും, പുകയില ഉൽപന്നം ലഹരി ഉല്പന്നങ്ങൾ എന്നിവയുടെ ഉപയോഗവും.പുകയില ഒരു വർഷം 60 ലക്ഷം പേരുടെ മരണത്തിന് കാരണമാകുന്നു എന്നാണ് ഔദ്യോഗിക കണക്ക്. ഇതിൽ ഏകദേശം 10 ലക്ഷം പേർ ഇന്ത്യക്കാരാണ്.

ശ്വാസകോശം സ്പോഞ്ചുപോലെയാണ്ഈഡയലോഗ് ഒരിക്കലെങ്കിലും കേട്ടിട്ടില്ലാത്ത മലയാളികൾ കുറവായിരിക്കും. സിനിമ കാണാൻ തിയറ്ററിൽ കയറിയാൽ ആദ്യം കേൾക്കുന്നത് ഇതാണ്. അപ്പോൾ അതിനെ ചിരിച്ചു തള്ളുകയും ഇടവേള സമയത്ത് പരമാവധി സിഗരറ്റ് വലിച്ചുകയറ്റുകയും ചെയ്യുന്നവരാണ് പലരും. പക്ഷേ, ഒരിക്കലെങ്കിലും അതെപ്പറ്റി ഗൗരവത്തോടെ ചിന്തിച്ചിട്ടുണ്ടോ?

മറ്റുള്ളവർ സിഗരറ്റ് വലിക്കുമ്പോൾ അതിന്റെ പുക

ശ്വസിക്കുന്നവർക്കും (പാസീവ്സ്മോക്കിങ്) രോഗം വരാം.ശ്വാസകോശ കാൻസർ, വിട്ടുമാറാത്ത ചുമ, കുട്ടികളിലെ ആസ്ത്മ, ഹൃദയാഘാതം, രക്തപ്രവാഹം തടസപ്പെടൽ, പക്ഷാഘാതം, ബുദ്ധിമാന്ദ്യം, വിഷാദരോഗങ്ങൾ ,വിവിധ അവയവങ്ങളിലെ കാൻസറുകൾ (വായ , തൊണ്ട, അന്നനാളം, ആമാശയം, പാൻക്രിയാസ് ) ഇവ ബാധിക്കാം.

ബോധവൽക്കരണ ക്ളാസുകൾക്കും, സെമിനാറുകൾക്കും പുകയില-പുകവലി നിയന്ത്രണ കാര്യത്തിൽ ഏറെ പങ്ക് വഹിക്കാനാകും. സ്ക്രൂൾ കുട്ടികളുടെയും,യുവജനങ്ങളുടെയുമിടയിൽ പുകയില വിരുദ്ധ പ്രചാരണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

ഒരു ലഹരിരഹിത ലോകം കെട്ടിപ്പെടുക്കാൻ നമുക്ക് സാധിക്കുമെങ്കിൽ അതു നമ്മോടും ഭാവി തലമുറയോടും ചെയ്യുന്ന ഏറ്റവും വലിയ സേവനമായിരിക്കും...അതിനായി നമുക്കൊന്നിച്ച് മുന്നേറാം .

പ്രിയ ജോൺ
അധ്യാപിക,ഫിസിക്കൽ സയൻസ്

# AN IDEAL SCHOOL

*AN IDEAL SCHOOL IS THAT WHERE THE CHILD IS TREATED AND CARED FOR LIKE A NASCENT PLANT. IT IS THE PLANT WHICH HAS TO GROW HEALTHY .IT SHOULD BE PROPERLY MANURED AND WATERED AND ALSO PROTECTED FROM SUN AND SHADE*

*THIS IS WHAT AN IDEAL SCHOOL HAS TO DO WITH ITS LITTLE CHILDREN. IT IS THE CHILD'S PHYSICAL AS WELL AS MENTAL GROWTH ABOUT WHICH THE SCHOOL SHOULD REMAIN CONCERNED.ALONG WITH THIS ,THERE SHOULD BE ALL THE ATTENTION PAID TO THE MORAL DEVELOPMENT OF THE CHILD .HE SHOULD BE GIVEN TRAINING IN RIGHT CONDUCT ,RIGHT BEHAVIOUR AND NOBLE THOUGHTS.IT IS THROUGH LESSONS IN THE CLASSROOMS AS WELL AS LESSONS IN THE CAMPUS THAT SUCH A TRAINING CAN BE GIVEN .*

*THE CAMPUS OF THE SCHOOL SHOULD ALSO BE CLEAN AND WELL- KEPT. THEN THERE SHOULD BE ARRANGEMENTS FOR GAMES AND PHYSICAL EXERCISES FOR WHICH SPECIAL CLASSES AND PERIODS BE ALLOTTED. THE LIBRARY IS THE MENTAL TREASURE OF A SCHOOL AND STUDENTS SHOULD DRAW OUT FROM IT AS MUCH AS THEY CAN .SO MANY ASPECTS,IF PROPERLY LOOKED AFTER CAN MADE UP AND IDEAL SCHOOL.*

*K. Nandhu krishna*

# A Boy In A Village

Once up on a time , in a village a Boy name Arun lives . He was a small child of 15 years. His parents were Educated. They leave the house early morning and he is alone in house.

Sitting alone one day he decided to make friendship with villagers.All the villagers were busy. He asked to a person 'What's your name?' he look him for a second and asked “You're new in this village?” and he passed off. He becomes sad. And,onwards no one get courage to go in front of that child. He thinks why? On that night he said the incident happens to his parents. On next day,its a Sunday. His parents `enquired about the village and that person.

Then they get information about that person. that person came to that village before five years Villagers thought he was an innocent person. His name is Imran. He lives in a ugly tent. So people never go there. But after some days villagers understand he was a cheater. Everyday things like Gold,Electrical Appliances were stolen from that village. All one day of every weak he goes to another village with a big Bag. One person name vignesh note it. He slowly go to his tent and slowly open tent and check. Inside it,there are so much of gold, precious things etc. The Imran saw Vignesh looking him. Vignesh shouted to every villagers. First he comes out and of the tent and killed vignesh and peoples who shouted to him. He kills more than fifty peoples and make a dictatorship rule in that village. All villagers came under his rule. All villagers were scared off him and they scared to talk to him.

And they said When you ask his name ,they think you are a child in his group.

Then his Father told,'We can make a reason to this matter.

Then onwards all villagers talk to his child and make friendship with him.

NITHIN.B.VIMAL
IX.B

# THE RAIN

*Rain rain rain*
*wonderful rain*
*beautifull rain*
*rain rain rain*
*The rainbow comes before rain*
*rain rain rain*
*the clouds come to the sky before rain*
*rain rain rain ...........*

*author – kiran.k*

# തീരം തേടി......................





വിധു.വി.എസ്,9 B

# ABOUT YOU..........

*Remember the times when we were together*

*The smile on your face*

*The joys we shared*

*And the jokes we laughed at!*

*You went away without beckoning  me*

*Didn't notice the tears and my woes*

*Thinking not to make me lorn*

*Now  I am amid the crowds*

*Searching everywhere*

*Where can  I see your  eyes?*

_ *Passionate with love and care?*

**Siji. J**

**Teacher, English**

# കഥ

# അച്ഛന്റെ മൗനയാത്ര

ഇതൊരു കഥയല്ല. ഇപ്പോൾ ഈ സമൂഹത്തിൽ കാണുന്നതാണ് - വൃദ്ധരായവരോടുള്ള അവഗണന

ഒരു അനാഥാലയത്തിൽ വളർന്നവനാണ് ദാസൻ. ആരോരുമില്ല അവനെ സ്നേഹിക്കുവാനും പിഠിപ്പിക്കുവാനും. അഥാലയത്തിലെ അസ്സഹനീയമായ പീഢനങ്ങൾ മൂലം അവിടെ നിന്ന് അവൻ ഒളിച്ചോടി. ഒരുപാട് കഷ്ടപ്പെട്ടു..ഇരുപതാമത്തെ വയസ്സിൽ അവൻ ഒരു വീട്ടിൽ ജോലിക്ക് നിന്നു. അവിടുത്തെ വേലക്കാരിയുമായി അവൻ സ്നേഹത്തിലായി.അവരുടെ കല്ല്യാണം കഴിഞ്ഞു. അവർക്ക് ഇന്ന് ഒരു മകനുണ്ട് പേര് വിഷ്ണു. അവന്റെ ആറാമത്തെ വയസ്സിൽ അമ്മ മരിച്ചു.ഒരുപാട് കഷ്ടപ്പെട്ടാണ് അവലനെ പഠിപ്പിച്ചത്.അവൻ ഇന്ന് ഒരു വക്കീലായി.പണം കൂടിയപ്പോൽ അവന്റെ അഹങ്കാരവും കൂടി.അച്ഛനെയുംമറക്കാൻ തുടങ്ങി.അച്ഛൻ പഴയതുപോലെ തെരുവിലേക്കിറങ്ങി.അങ്ങനെ ആ അച്ഛൻ മകന്റെ വീട്ടിലെക്ക് വന്നു.ഒരു അന്യനോട് പെരുമാറുന്നതുപോലെയാണ് സംസാരിച്ചത്.ഇതുകേട്ട അച്ഛൻ നെഞ്ചുപൊട്ടി മരിച്ചു.ആ മകൻ ഞെട്ടി.അന്ത്യകർമ്മങ്ങൾ കഴിഞ്ഞ് അച്ഛന്റെ ഒരു കൂട്ടുകാനുമായി സംസാരിച്ചു.അപ്പോഴാണ് വിഷ്ണു ആ ഞെട്ടിക്കുന്ന സത്യം അറിഞ്ഞത്.താൻ ആ അച്ഛന്റെ മകനല്ല എന്ന സത്യം തിരിച്ചറിഞ്ഞത്.ആ മകൻ ആ നിമിഷം തന്നെ ഒരു പിടി ചാരമായ് മാറി

ഒരിക്കലും മാതാപിതാക്കളെ തള്ളിപ്പറയരുത്.നാളെ നിങ്ങൾക്കും ഈ അവസ്ഥ വരാം..

മുഹമ്മദ് അനസ്
10D

# സമൂഹമാധ്യമങ്ങളും വിദ്യാർത്ഥികളും

മഹാഭാരത യുഗത്തിൽ രാജഗുരുവായ ദ്രോണാചാര്യർ ഏകലവ്യനെന്ന കാട്ടുരാജകുമാരനെ വംശമഹിമ ഇല്ലാതിരുന്നതിനാൽ ശിഷ്യനായി സ്വീകരിച്ച് വിദ്യ അഭ്യസിപ്പിക്കാൻ വിസമ്മതിച്ചു. ഏകലവ്യനാകട്ടെ, ദ്രോണരുടെ പ്രതിമയുണ്ടാക്കി അതിന്റെ മുമ്പിൽ നിന്ന് ദ്രോണരെ മനസിൽ ധ്യാനിച്ച് ആയുധവിദ്യ സ്വയം അഭ്യസിച്ചു. എന്നാൽ ഇന്ന് ഇന്റർനെറ്റ് ഉപയോഗിച്ച് എന്തു കാര്യവും പഠിക്കാൻ നമുക്കു സാധിക്കും.

ഇന്ന് വിദ്യാഭ്യാസരംഗം പാടെ മാറിയിരിക്കുന്നു. ഇന്ന് അറിവു നേടാനോ ആഴത്തിൽ വിജ്ഞാനം സമ്പാദിക്കാനോ പണ്ടത്തെപ്പോലെ പരമ്പരാഗത സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടതില്ല. ഐ.സി.ടി അടിസ്ഥാനമാക്കിയുള്ള സാമൂഹ്യ മാധ്യമങ്ങളുടെ കടന്നുവരവോടെ വിദ്യാഭ്യാസ മേഖലയിൽ വൻ മാറ്റങ്ങളാണ് സംഭവിച്ചിരിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ഇന്റർനെറ്റ് കുറഞ്ഞ ചെലവിൽ സാധാരണക്കാർക്കു ലഭ്യമാകുന്നത്. ഒപ്പം മൊബൈൽ ഫോണുകളും സർവ സാധാരണമായി. അതോടെയാണ് വിദ്യാഭ്യാസമേഖലയിൽ വലിയ പരിവർത്തനങ്ങൾ സംഭവിച്ചത്. ബ്രോഡ് ബാൻഡ് പോലെയുള്ള സംവിധാനങ്ങൾ കൂടി എത്തിയതോടെ സാമൂഹ്യ മാധ്യമങ്ങളുടെ ജനകീയവൽക്കരണം പൂർത്തിയായി. പഠനം പുതിയ അനുഭവമായി. ബൗദ്ധികമായി വിവിധ തലങ്ങളിലുള്ള വിദ്യാർത്ഥികൾക്കു പോലും ഒരുപോലെ ഗ്രഹിക്കാൻ സാധിക്കുന്ന തരത്തിൽ വിജ്ഞാനം സ്ഥലകാലാതീതമായി പങ്കുവയ്ക്കപ്പെടുന്നു.

സാമൂഹ്യമാധ്യമം എന്ന പദം പ്രയോഗിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഫെയ്സ്ബുക്കും ട്വിറ്ററും വാട്സാപ്പും മാത്രമല്ല, മറിച്ച് ഐ.ടി അടിസ്ഥാനമാക്കി വിജ്ഞാനം സമാഹരിക്കുകയും അവ പങ്കുവയ്ക്കുകയും ചർച്ച ചെയ്യുകയും പുനർനിശ്ചയിക്കുകയും ചെയ്യുന്ന ഒരു സാമൂഹ്യ സംവിധാനത്തെയാണ്. ഇന്ന് പുതിയതായി വരുന്ന സാങ്കേതിക വിദ്യകളും ഇടങ്ങളും വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ വിസ്ഫോടനത്തെ ത്വരിതപ്പെടുന്നതായിരിക്കും. അല്ലാത്തവയ്ക്ക് ഇന്ന് പിടിച്ചുനിൽക്കാനാവില്ല.

ഒഴിവുസമയ വിനോദങ്ങളുടെ പരിശീലനം പോലുള്ള അനൗപചാരിക വിദ്യാഭ്യാസത്തിനു പോലും നവമാധ്യമങ്ങൾ വിവിധ ബൗദ്ധിക തലത്തിലുള്ള പഠിതാക്കൾക്കായി വൈവിധ്യമാർന്ന പഠനരീതികളുടെ വിഭവ സഞ്ചയം

തന്നെയാണ് ഒരുക്കിയിരിക്കുന്നത്. ഇതിലൂടെ വിദ്യർത്ഥികൾക്കു മാത്രമല്ല, ഏതൊരാൾക്കും പഠനം അനായാസം സാധ്യമാകും.

എന്നാൽ ധാരാളം അധ്യാപകരും രക്ഷകർത്താക്കളും വിദ്യാഭ്യാസ മേഖലയിലെ സാമൂഹ്യ മാധ്യമങ്ങളെ വിമർശിക്കുന്നുണ്ട്. അവർ വിശ്വസിക്കുന്നത്, ടെലിവിഷൻ പോലെ പഠനത്തിൽ നിന്ന് വിദ്യാർത്ഥികളുടെ ശ്രദ്ധ വ്യതിചലിപ്പിക്കുന്ന പലതരം ശല്യങ്ങളിൽ ഒന്നാണ് സാമൂഹ്യമാധ്യമങ്ങൾ എന്നാണ്. സാമൂഹ്യമാധ്യമങ്ങൾ കുട്ടികളിൽ തെറ്റായ സ്വാധീനങ്ങൾ സൃഷ്ടിക്കുമെന്നും അതിലൂടെ അവരുടെ പഠനസമയം പാഴായി പോകുമെന്നും ഭയപ്പെടുന്ന മാതാപിതാക്കൾ പോലുമുണ്ട്. എന്നാൽ നാം ജീവിക്കുന്ന വിജ്ഞാന ധാരാളിത്വത്തിന്റെ ഈ യുഗത്തിൽ അറിവിന്റെ രത്നങ്ങൾ സമ്പാദിക്കാനുള്ള അനായാസ മാർഗമാണ് ഈ സമൂഹമാധ്യമങ്ങൾ.

വിദ്യാഭ്യാസത്തിൽ സാമൂഹ്യമാധ്യമങ്ങളുടെ സ്വാധീനം അളക്കാൻ അതിന്റെ ലക്ഷ്യങ്ങളാണ് നാം പരിശോധിക്കേണ്ടത്. വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യം വിജ്ഞാനസമ്പാദനമാണ്. ഈ ലക്ഷ്യത്തിൽ വിവേചനം, ആവിഷ്കരണം എന്നിവയും ഉൾപ്പെടുന്നു. അടുത്ത ലക്ഷ്യം വിജ്ഞാനസമ്പാദനത്തിൽ നിന്നു ലഭിക്കുന്ന സന്തോഷമാണ്. കാരണം പഠനം ആത്മസംതൃപ്തി പ്രദാനം ചെയ്യുന്നു. മൂന്നാമത്തെ ലക്ഷ്യം സ്വന്തം വളർച്ചയും വികാസവുമാണ്. വിദ്യാഭ്യാസത്തിൽ സമൂഹ മാധ്യമങ്ങളെ കൂടി സംയോജിപ്പിക്കുകയാണെങ്കിൽ അത് പഠിതാവിനെ ബാഹ്യ പ്രചോദനത്തിൽ നിന്ന് ആന്തരിക പ്രചോദനത്തിലേയ്ക്ക് മാറാൻ സഹായിക്കും.

സാമൂഹ്യ മാധ്യമങ്ങളിൽ സമാന താല്പര്യമുള്ള സുഹൃത്തുക്കളെ നമുക്ക് ലഭിക്കുന്നു. അവരുമായി നമ്മുടെ ആശയങ്ങൾ പങ്കുവയ്ക്കാം, അവരുടെ പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം. സമൂഹമാധ്യമങ്ങൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിൽ നിർണായക പങ്കു വഹിക്കുന്നു.

വിദ്യാഭ്യാസത്തിൽ സാമൂഹ്യ മാധ്യമങ്ങൾ നല്ല സ്വാധീനം മാത്രമേ ഉണ്ടാക്കുന്നുള്ളൂ. ഇന്റർനെറ്റിന്റെ നല്ല വശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ദൂഷ്യവശങ്ങൾ പരിഗണനയേ അർഹിക്കുന്നില്ല. എന്നാൽ സമൂഹമാധ്യമങ്ങളെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഒറ്റമൂലിയായി കരുതരുത്. പഠനത്തിന് കുറുക്കുവഴികൾ ഇല്ല എന്നു മനസിലാക്കുക. പക്ഷെ സമൂഹമാധ്യമങ്ങളുടെ സാധ്യതയെ അതിനായി നമുക്ക് ഉപയോഗിക്കാം. അപ്പോൾ വിദ്യാഭ്യാസം അർത്ഥപൂർണമാകും.

സായിറാം. കെ

X A

# Riddle Riddle Riddle……

What word in English language sounds still sounds the same after the consecutive removal of 4 of its letters?
Ans. **Queue**

Take off my skin- I won't cry, but you will! What am I?
Ans. **Onion**

What occurs once in every minute, twice in every moment, yet never in a thousand years?
Ans. **The letter M**

What goes down but never goes up?
Ans. **Rain/Age**

What has rivers with no waters, forests with no trees and cities with no buildings?
Ans. **A Map**

What goes through towns and hills, but never moves?
Ans. **A road**

What has neither flesh, bone, nor nail yet has 4 fingers and a thumb?
Ans. **Glove**

**Neeraj Babu, X D**

# HELP

*Once upon a time there was a rich man. He was living in a big house. He had more than three cars. He was the richest man in tha city. In his house there were three servants. He was non-maried. He was very selfish. He did not give money to poor peopes who were come to his house. One day he was going outside. He get accident. No one see him. He was crying. A poor man come and took him to the hospital.*

*That poor man is the man who come to his house one day. But he didn't give money.*

*Once upon a time there was a rich man. He was living in a big house. He had more than three cars. He was the richest man in tha city. In his house there were three servants. He was non-maried. He was very selfish. He did not give money to poor peopes who were come to his house. One*

*day he was going outside. He get accident. No one see him. He was crying. A poor man come and took him to the hospital.*

*That poor man is the man who come to his house one day. But he didn't give money.*

*Persons who in the world [rich or poor] will wants help.*



*kiran.k,9 B*

# അധ്യാപക ദിനാഘോഷം



# നിന്റെ മൗനം

അറിയാതെ മിഴികളിൽ നിറയുന്ന നീരിന്റെ
മലരായ് വിരിയുന്ന മൗനം
മിഴിയിൽ നീ നിഴലായി വന്നനാൾ എന്നുള്ളിൽ
നിറയുന്ന സ്നേഹമാം മൗനം
രാപകൽ അറിയാതെ നിന്റെ ആ പുഞ്ചിരി
എന്നുള്ളിൽ നിറയ്ക്കുന്ന മൗനം
ആദ്യമായ് നിൻ മിഴിയിൽ കണ്ടയാ മൗനം
ഞാൻ നിനച്ചെന്നോടുള്ള സ്നേഹം
നീ വരും വഴിയിൽ നിൻ പാദങ്ങൾ നോക്കി ഞാൻ നിന്നു.

നേരത്തിൻ വേഗത എന്തെന്നറിയാതെ
കാലങ്ങൾ മാഞ്ഞൊരു നേരം
മാനത്തെ പൂമലർ മൊട്ടുകളായി നീ പെയ്യുന്നു
എൻ മനം നിറയെ
എന്നിലെ സ്നേഹം നിന്നെ ഞാനറിയിച്ചു
മൗനമാം വാക്യത്തിലൂടെ,മൗനമാം വാക്യത്തിലൂടെ.

നിന്റെ ആ മറുപടി കത്തിനായ് കാത്തുഞാൻ
രണ്ടുനാൾ നീണ്ട ആ മൗനം
ഒടുവിൽ നീ മറുപടികത്തുമാ യ് വരുമെന്നു
കരുതിയ നാളുകൾ നീണ്ടുപോയി

അരുൺ എ, IX B

# ജീവിത പാഠം

ഒരു നവകേരളം പടുത്തുയർത്താൻ
ഒരുമയായ് നാടും നഗരവുമിന്ന്
ഒരു മനമായ് നാം പരിശ്രമിച്ചീടിൽ
പുതിയൊരു സ്വർഗ്ഗം പടുത്തുയർത്താം.



ഒരൊറ്റ മുറിയിൽ ഉണ്ടുറങ്ങിയോർ
ഒരേ വികാരമായ്
ഒത്തൊരുമിച്ചോർ
പഠിച്ചിതു ജീവിത പാഠങ്ങൾ
സ്നേഹമതത്തിൻ പാഠങ്ങൾ

പ്രളയം തീർത്തൊരു സ്നേഹമതിൽ
മാറ്റിയുയർത്തി ജാതിമതിൽ
ഭ്രാന്താലയമായ് തീരാതിനിയും
നല്ലൊരു മാനവനായീടാം

ഇരുമനം കളയണം ഒരു മനമാകണം
ഇരുളകറ്റീടണം വെളിച്ചം നേടാൻ
ഇതെന്റെ സ്വപ്നം എൻ സങ്കല്പം
ഇനിയൊരു ജന്മം ഇവിടാകാൻ.....

**സിറാജുദ്ദീൻ.എം**
മെക്കാനിക്കൽ ഇൻസ്ട്രക്ടർ

# THE MAGICAL WORDS

Once upon a time there lived five friends. They decided to go for a journey . After three days when they are travelling on horse .Near a river they heard an unknown voice and they all feared .They stop and take some stone and put it in their pocket . Two of them do it and one of them take a little and other do action that as taking. After taking they go from there and they enjoy their trip. and come back to their houses when they looked at their bags, instead of stones there were diamonds the two of them were happy and others were sad of not taking more stones .Two of them became rich and others became poor .But the two of them did not forget others they share all that they had .The others also became rich. Like that in our future those who are hard working for their aims will became those in their mind . Those who are not hard working for their aims . They will have failures in their life .

Gourisankar, 9 B

# എന്റെ ഗ്രാമം

ഒരു കൊച്ചു ഗ്രാമമാണെന്റെ നാട്
ഗ്രാമീണ ഭംഗിയുള്ളെന്റെ നാട്
പുഴകളും പൂക്കളും നിറഞ്ഞ നാട്
ഒരു കൊച്ചു ഗ്രാമമാണെന്റെ നാട്
,മലകളും പൂക്കളും നിറഞ്ഞ നാട്
ഗ്രാമീണ ഭംഗിയുള്ളെന്റെ നാട്
പച്ചവിരിച്ചതാം എന്റെ നാട്
ഒരു കൊച്ചു ഗ്രാമമാണെന്റെ നാട്
ഗ്രാണീണ ഭംഗിയുള്ളെന്റെ നാട്
പ്രളയബാധിതയാമെന്റെ നാട്
ഗ്രാമീണ ഭംഗിയുള്ളെന്റെ നാട്
ഒരു കൊച്ചു ഗ്രാമമാണെന്റെ നാട്
പ്രളയ വിമുക്തമാമെന്റെ നാട്
പുഴകളും പൂക്കളും നിറഞ്ഞ നാട്
മലകളും പൂക്കളും നിറഞ്ഞ നാട്
ഒരു കൊച്ചു ഗ്രാമമാണെന്റെ നാട്

അഭിജിത്ത് ഷിജു
6 A

# ലേഖനം

## സ്വയം അറിയാൻ

എങ്ങനെയാണ് സ്വയം അറിയുന്നത്?
ഞാൻ ആരാണ് ,എന്റെ സ്വഭാവം എന്താണ്, എന്റെ ബലവും ബലഹീനതയും എന്താണ് ,എന്റെ ഇഷ്ടവും ഇഷ്ടക്കേടും എന്താണ് ? ഇക്കാര്യങ്ങളെല്ലാം ശരിയായി വിലയിരുത്തി മനസിലാക്കുന്നതിനെയാണ് സ്വയം അറിയുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരാളുടെ വ്യക്തിത്വ വികസനത്തിൽ ഈ സ്വയം അറിവ് വലിയ പങ്കാണ് വഹിക്കുന്നത്.ചിന്തകളുടെ ആകെത്തുകയാണ് മനുഷ്യൻ. എന്തായിത്തീരണമെന്ന് ചിന്തിക്കുന്നുവോ അതായിത്തീരുകയും ചെയ്യും." ഗാന്ധിജിയുടെ ഈ വാക്കുകൾ സ്വയം അറിയൽ അഥവാ സ്വയാവബോധത്തിന് (self awareness) നല്ല നിർവചനമാണ്.സ്വയാവബോധമുള്ള വിദ്യാർഥികൾ വ്യത്യസ്തരായിരിക്കും. ആത്മവിശ്വാസം, സ്വാശ്രയബുദ്ധി, സ്വാശ്രയശീലം, ലക്ഷ്യബോധം ഇങ്ങനെ വിവിധങ്ങളായ  കഴിവുകൾ നേടിയെടുക്കുന്നതിനുള്ള പരിശീലനം നേടേണ്ടത് ആവശ്യമാണ്. സ്വന്തം സ്വഭാവം കണ്ടെത്തുന്നതിലൂടെ സ്വഭാവദൂഷ്യവും കഴിവിനെ തിരിച്ചറിയുന്നതിലൂടെ കഴിവുതേടും ഇഷ്ടങ്ങളറിയുന്നതിലൂടെ ഇഷ്ടക്കേടും തിരിച്ചറിയാം .ഇങ്ങനെ സ്വയം തിരിച്ചറിയുന്നതിനടെ ശരിയായ ശരിയായ ശീലങ്ങളെ വളർത്തി ശരിയായ പാത വിജയത്തിന്റെ പാതകണ്ടെത്താ

ഡയാന.എസ്.

അധ്യാപിക, സോഷ്യൽ സയൻസ്

**കണക്കിലെ കളി.**

# ആനകളെ പങ്കു വെക്കൽ

ഒരാൾക്ക് 17 ആനകളുണ്ടായിരുന്നു. മരണ ശേഷം ഈ ആനകളെ തന്റെ മൂന്നു മക്കൾക്കായി വീതിക്കണമെന്ന് അയാൾ വിൽപത്രം എഴുതി വച്ചു. ആനകളിൽ പകുതി ഭാഗം മൂത്ത മകനും മൂന്നിൽ ഒരു ഭാഗം രണ്ടാമത്തെ മകനും ഒമ്പതിൽ ഒരു ഭാഗം മൂന്നാമത്തെ മകനും വീതിക്കണമെന്നാ യിരുന്നു നിർദ്ദേശം. പിതാവിന്റെ മരണശേഷം മക്കൾ ആനയെ ഭാഗിക്കാൻ തീരുമാനിച്ചു. 17 നെ മന്നു ഭാഗമാക്കണമെങ്കിൽ ഒരാനയെ മുറിക്കേണ്ടി വരും. അതു പ്രായോഗികവുമല്ല. മക്കൾ തമ്മിൽ തർക്കമായി. അവസാനം പ്രശ്നം ബുദ്ധിമാനും ഗണിത വിശാരദനുമായ ഒരു മദ്ധ്യസ്ഥനു വിട്ടുകൊടുത്തു. അദ്ദേഹം പ്രശ്നം പരിഹരിച്ചതെങ്ങനെ?

# ഉത്തരം

മദ്ധ്യസ്ഥൻ തന്റെ ഒരാനയേയും കൊണ്ടാണ് പ്രശ്ന പരിഹാരത്തിന് മൂന്നു പേരുടേയും വീട്ടിലെത്തിയത്. അദ്ദേഹം തന്റെ ആനയെ മറ്റ 17 ആനകളുടെ ഏറ്റവും ഒടുവിലായി നിർത്തി. അപ്പോൾ മൊത്തം 18 ആനകൾ. മദ്ധ്യസ്ഥൻ ആനകളെ ഭാഗിച്ചത് ഇപ്രകാരമാണ്.

മൂത്തയാൾക്ക് 18 ന്റെ പകുതി = 9 ആന

രണ്ടാമത്തെയാൾക്ക് 18 ന്റെ ⅓ = 6 ആന

മൂന്നാമത്തെയാൾക്ക് 18 ന്റെ 1/9 = 2 ആന

ബാക്കി ആന = 18 - (9+ 6 +2) = 18-17 = 1

ഇപ്പോൾ ഒരു ആന ബാക്കിയായി. അതായ് മദ്ധ്യസ്ഥൻ കൊണ്ടുവന്ന ആന അദ്ദേഹം തന്നെയെടുത്തു.

**അനന്ദകൃഷ്ണൻ.കെ. 8 A**

# സ്വപ്നം

ആത്മാർത്ഥ ഹൃദയം എന്നിൽ കാണാൻ
ശ്രമിക്കുക നീയെൻ സ്വപ്നസഖീ
നിഴലായ് നിന്നാത്മ വീഥികളിൽ
അനുഗമിച്ചീടും ഞാനെന്നുമെന്നും

പറയാതെ ഞാനെന്റെ മനതാരിൽ സൂക്ഷിച്ച
പ്രിയതരമാമൊരു സ്നേഹഗീതം
ഓരോരോ രാവിലും ഏകയായ് മൂളുന്ന
നിറമുള്ള സ്വപ്നത്തിൻ ഓർമ്മ പോലെ.

നീയെനിക്കെന്നും സ്വപനമെന്നാകിലും
സ്വപ്നങ്ങളെല്ലാം വ്യർത്ഥമെന്നാകിലും
മഴയായ്കുളിരായ്നനവുള്ളൊരോർമ്മയായ്
മനതാരിലെന്നും നിറഞ്ഞു നിൽപ്പൂ

ഷീബാ ജോർജ്ജ്

## ലേഖനം

# സ്ത്രീ സമത്വം സമൂഹത്തിൽ

സാങ്കേതിക മേഖലയിൽ വളർന്നു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വികസനമാർഗ്ഗംതേടി പോകുമ്പോൾ ഒട്ടേറെ മുല്യങ്ങൾ നാം മറക്കുന്നു. ഈ സമീപകാലഘട്ടത്തിൽ ഒട്ടേറെ വിവാദങ്ങൾക്ക് ഇടയായ വിഷയമാണ് സ്ത്രീ സമത്വവും സ്ത്രീ സുരക്ഷയും

ഇന്ത്യൻ ഭരണഘടത അതിന്റെ മൗലിക അവകാശങ്ങളിലൂടെ നമുക്ക് ഉറപ്പ് നൽകുന്ന ഒന്നാണ് സമത്വം. ഭരണക സ്വാതന്ത്ര്യ സമരകാലഘട്ടങ്ങളിലും നവോത്ഥാന കാലഘട്ടത്തിലുംഉന്നൽനൽകിയ ഒരു വിഷയമായിരുന്നു സമത്യം. സാക്ഷരതയിൽ ഭാരതത്തിൽ മുന്നിൽ നിൽക്കുന്ന കേരളത്തിൽ തന്നെയാണ് ശബരിമല സ്ത്രി പ്രവേശന പ്രശ്നം മുറുക്കുന്നത്എസ് മഹേന്ദ്രൻ എന്ന വ്യക്തി 1998 ൽ സമർപ്പിച്ച പ്രകാരമുള്ള നിയമാണ് ഉണ്ടായത് സ്ത്രികളുടെ ജീവിതം ഇരുട്ടിലേക്ക് നീങ്ങുന്നു .സ്ത്രികൾക്കായി വനിതാ കമ്മിഷൺ, നീർഭയ, സ്ത്രി ശക്തി തുടങ്ങിയ സംഘടനകളും കേരള സർക്കാരിന്റെ ഒട്ടനവധിസംരഭങ്ങളും ഉണ്ടായിരുന്നു.വനിതാ മതിൽ, പിങ്ക് പോലീസ് സ്ത്രീ ശകതി ലോട്ടറി തുടങ്ങിയവ സ്ത്രികളെ സമൂഹത്തിലെ മുൻധാരയിലേക്ക് ഉയർത്തി കൊണ്ട് വരും.

സ്ത്രീസുരക്ഷയോടൊപ്പം തന്നെ താം മനസ്സിലാക്കേണ്ട ഒരു കാര്യമാണ്.നവോത്ഥാ കാലഘട്ടങ്ങളിൽ മാറ് മറയ്ക്കാനായി താഴ്ന ജാതിയിലെ സ്ത്രീകൾ കല്ലവാല്ല വലിച്ചെറിഞ്ഞ് മേൽ മുണ്ട് ധരിക്കാനുള്ള അവകശം നേടിയപ്പോൾ നാം മറന്ന മൂല്യം ഉണ്ട് ,ശരീരം ഒരു കാഴ്ച്ചവസ്തുവല്ല.നമുക്ക് തലമുറകളായി കൈ മാറി കിട്ടിയ പൈതൃകവും മുല്യങ്ങളും നാം കരുതണം .സമത്വം സുരക്ഷയും പുരുഷനെപ്പോലെ തന്നെ സ്ത്രീയിലും ഉണ്ടാകണം .വരുന്ന തലമുറയെയെ നാം പഠിപ്പിക്കേണ്ടതാണ്. ദൈവത്തിന്റെ സ്വന്തം നാട്ടിൽ ജിഷയോ സൗമ്യ യോ ഇനി ഉണ്ടാകാതിരിക്കട്ടെ.സ്ത്രീ അമ്മയാണ് ഭാര്യയാണ് സഹോദരിയാണ്.ദൈവതിതാന്റെ സ്വന്തം നാട്ടീൽ ജിഷയും സൗമ്യയും ഇനി ഉണ്ടാകാതിരിക്കട്ടെ..........

ശരത്.എസ് ഇഗ്നേഷ്യസ്
10 D



കണ്ണൂരിൽ നടന്ന സംസ്ഥാന ശാസ്ത്രമേളയിൽ
ഐ ടി ചാമ്പ്യൻഷിപ്പ് നേടിയ കൊല്ലം ബോയ്സ് ഹൈസ്ക്കൂൾ
ടീം പ്രഥമാധ്യാപികയോടും സ്ക്കൂൾ SITC യോടുമൊപ്പം

# സായിറാം.കെ–ബഹുമുഖപ്രതിഭ





# നന്ദി

സഹൃദയരെ

കൊല്ലം മോഡൽ ബോയ്സ് ഹൈസ്കൂളിലെ കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗ സൃഷ്ടികളാണ് മഴവില്ലിലെ വർണ്ണങ്ങളായി വിരിഞ്ഞിരിക്കുന്നത് അതു ഡിജിറ്റൽ ആയപ്പോൾ കാലത്തിനൊപ്പമുള്ള കൈപിടിക്കലുമായി. ഞങ്ങളുടെ ഈ എളിയ സംര

ഭത്തിൽ സഹകരിച്ച എല്ലാ മഹദ് വ്യക്തികൾക്കും ഈ അവസരത്തിൽ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു.



പ്രിയാ ജോൺ

കൈറ്റ് മിസ്ട്രസ്